(സി) കശുവണ്ടി വികസന കോർപ്പറേഷന്റെ 1-4-96 മുതൽ 31-3-2000 വരെയുള്ള ലാഭനഷ്ടകണക്ക് ചുവടെ ചേർക്കുന്നു.

വർഷം	ലാഭ-നഷ്ടം രൂ.
1-4-1996 മുതൽ 31-3-1997 വരെ	1950. 88 ലക്ഷം (നഷ്ടം)
1-4-1997 മുതൽ 31-3-1998 വരെ	5994. 77 ലക്ഷം (നഷ്ടം)
1-4-1998 മുതൽ 31-3-1999 വരെ	178. 42 ലക്ഷം (നഷ്ടം)
1-4-99 മുതൽ 31-3-2000 വരെ	126.36 ലക്ഷം (നഷ്ടം)

സഹകരണ സ്പിന്നിംഗ് മില്ലുകളുടെ പുനരുദ്ധാരണം

160 (1426) ശ്രീ. ഉമ്മൻ ചാണ്ടി. താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ പ്രവർത്തിക്കുന്ന സഹകരണ സ്പിന്നിംഗ് മില്ലുകളുടെ പുനരുദ്ധാരണത്തിന് എന്തെങ്കിലും സ്കീം കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദ വിവരങ്ങൾ വെളിപ്പെടുത്തുമോ ;

(സി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം പുതിയതായി സഹകരണ മേഖലയിൽ ഏതെല്ലാം സ്പിന്നിംഗ് മില്ലുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) കോട്ടയം ജില്ലയിലെ മീനടം പ്രിയദർശിനി സ്പിന്നിംഗ് മില്ലിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള കാലതാമസം എന്താണെന്ന് വ്യക്തമാക്കാമോ ;

(ഇ) ഈ മില്ലിന്റെ കെട്ടിടം പണി പൂർത്തിയായോ ;

(എഫ്) ഈ മില്ലിന് ആവശ്യമായ മെഷീനറി ലഭിച്ചിട്ടുണ്ടോ ;

(ജി) മില്ലിന്റെ പ്രവർത്തനം ആരംഭിക്കുന്നതിന് ടേം ലോൺ എവിടെ നിന്നും നൽകുവാനാണ് പ്രോജക്ട് അംഗീകരിച്ചപ്പോൾ തീരുമാനിച്ചിരുന്നത് ;

(എച്ച്) ടേം ലോൺ നൽകുവാൻ സംസ്ഥാന സഹകരണ ബാങ്ക് തീരുമാനം എടുത്തിട്ടുണ്ടോ ;

(ഐ) എങ്കിൽ എന്നാണ് തീരുമാനം എടുത്തത് എന്ന് അറിയിക്കാമോ ;

(ജെ) സംസ്ഥാന സഹകരണ ബാങ്ക് തീരുമാനം എടുത്തിട്ട് ടേം ലോൺ മില്ലിനു നൽകാനുള്ള സാഹചര്യം ഏതെന്ന് വ്യക്തമാക്കുമോ ;

(കെ) വളരെയധികം തൊഴിൽ ഇല്ലാത്ത ചെറുപ്പക്കാർ ഷെയർ എടുത്ത് ജോലിക്കുവേണ്ടി കാത്തിരിക്കുമ്പോൾ ഈ മില്ലിന്റെ പ്രവർത്തനം ആരംഭിക്കുവാൻ കാലതാമസം ഉണ്ടാകുന്നത് ഒഴിവാക്കുവാൻ എന്തു നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) കേരളത്തിൽ പ്രവർത്തിക്കുന്ന സഹകരണ മേഖലയിലെ മലപ്പുറം സ്പിന്നിംഗ് മില്ലിന്റെ പുനരുദ്ധാരണത്തിന് 262 ലക്ഷം രൂപ അടങ്കൽ തുക വരുന്ന പദ്ധതിക്ക് കേന്ദ്രസർക്കാർ സ്ഥാപനമായ നാഷണൽ കോ-ഓപ്പറേറ്റീവ് ഡവലപ്മെന്റ് കോർപ്പറേഷന് സംസ്ഥാന സർക്കാർവഴി സമർപ്പിച്ചു. ടി അപേക്ഷയിൽ 225.6 ലക്ഷം രൂപ വായ്പയായും 28.2 ലക്ഷം രൂപ ഷെയർ ആയും ടി സ്ഥാപനം നൽകുകയും ശേഷിച്ച തുകയായ 28.2 ലക്ഷം രൂപ സംസ്ഥാന സർക്കാരിൽ നിന്നും അനുവദിക്കുകയും ചെയ്തു.

(സി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം കുറ്റിപ്പുറത്തുള്ള മലബാർ സഹകരണ ടെക്സ്റ്റയിൽസും കായംകുളത്തുള്ള ആലപ്പുഴ സഹകരണ സ്പിന്നിംഗ് മിൽസും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(ഡി) ടെക്സറ്റയിൽസ് വ്യവസായരംഗത്ത് പ്രത്യേകിച്ച് സ്പിന്നിംഗ് മേഖലയിൽ നിലനിൽക്കുന്ന രൂക്ഷമായ പ്രതിസന്ധിയും ധനകാര്യ സ്ഥാപനങ്ങളിൽനിന്നും ലോൺ ലഭിക്കാത്തതുമാണ് ടി മില്ലിന്റെ പ്രവർത്തനം ആരംഭിക്കുന്നതിന് തടസ്സം നിൽക്കുന്നത്.

(ഇ) 85 ശതമാനം പൂർത്തിയായിട്ടുണ്ട്.

(എഫ്) പ്രധാന സാമഗ്രികളിൽ 50 ശതമാനം സൈറ്റിൽ എത്തിയിട്ടുണ്ട്.

(ജി) സംസ്ഥാന സർക്കാരിന്റെ ധനസഹായത്തിനു പുറമെ വേണ്ടിവരുന്ന തുക വിവിധ ധനകാര്യസ്ഥാപനങ്ങളിൽ നിന്നും വായ്പയായി വാങ്ങുവാനാണ് ഉദ്ദേശിച്ചിരുന്നത്.

(എച്ച്&ഐ) സംസ്ഥാന സഹകരണ ബാങ്ക് ജില്ലാ സഹകരണ ബാങ്ക് വഴി ടേം ലോൺ നൽകുവാൻ 1999 ഫെബ്രുവരിയിൽ തീരുമാനിച്ചതായി അറിയുന്നു.

(ജെ) സംസ്ഥാന സഹകരണ ബാങ്ക് മില്ലിന് ആവശ്യമായ ടേം ലോൺ ജില്ലാ സഹകരണ ബാങ്ക് വഴി നൽകുവാനാണ് തീരുമാനിച്ചത്. കൂടാതെ മില്ല് ഈ വായ്പ തിരിച്ചടയ്ക്കുന്ന ഗഡുക്കളിൽ വീഴ്ച വരുത്തിയാൽ സംസ്ഥാന സഹകരണ ബാങ്ക് ജില്ലാ സഹകരണ ബാങ്കിൽ നിന്നും ടി തുക ഈടാക്കുന്നതാണ് എന്ന നിബന്ധനയിൽ ടേം ലോൺ നൽകുവാൻ തീരുമാനിച്ചതും, ജില്ലാ സഹകരണ ബാങ്ക് ടി വ്യവസ്ഥ അംഗീകരിക്കാതെ വന്നതുമാണ് ടി ലോൺ ലഭ്യമാക്കാതെ വന്നത് എന്ന് അറിയുന്നു.

(കെ) മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വായ്പ ലഭിക്കുവാൻ ശ്രമിക്കുന്നുണ്ട്. ആവശ്യമായ ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് മില്ലിന്റെ പ്രവർത്തനം തുടങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

941/2010

LIBRARY ARCHIVES Kerala Legislative Assembly